# "അതിർവരമ്പുകളെ ഭേദിച്ച ചിറകുകൾ"

കടപ്പുവനാവുവായ് പുസ്ക്ക്ടി പാറക്ക് നിന്നും പൊട്ടിപ്പുറപ്പെട്ട കാറ്റ് മൂർത്തഭൈരവികാവിറങ്ങി, മുച്ചിലോട്ട് കുന്നിറങ്ങി, പുല്ലൂർ വയലാകെ തഴുകിക്കൊണ്ട് നീങ്ങിത്തുടങ്ങിയിരുന്നു. കടപ്പുവിന്റെ മനം മയക്കുന്ന ഗന്ധത്തിൽ ലയിച്ച് വയലിലെ നെൽക്കതിരുകൾ സ്വയം മറന്ന് ആ ഇളം കാറ്റത്തും നിശ്ചലരായ് നിന്നു പോയി! തന്നിലേക്കാഴത്തിൽ ലയിച്ചുപോയ കടപ്പുവനത്തിൽ തന്നെത്താൻ മറന്ന് കൊണ്ട് കാറ്റ് അതിന്റെ യാത്ര തുടർന്നുകൊണ്ടിരുന്നു. മുറുമുള്ളവരാൽ ചതിക്കപ്പെട്ട് മനസ്സ് നിറിച്ചുകഴുന്നവരുടെയടുത്തേക്ക്, അവരെയൊന്ന് തലോടാൻ. കടപ്പുവനത്തിന്റെ അവസാന കണികയും തന്നിൽ നിന്ന് അപ്രത്യക്ഷമായി എന്നുറപ്പായാൽ കാറ്റ് വീണ്ടും കുന്ന് കയറിത്തുടങ്ങും, ഇനി നാട്ടിലൊരു പുതുവയലുള്ള കാര്യമേ അല്ല... ഏഴോം നാടും നാട്ടുവഴികളും സുഗന്ധപൂരിതമാക്കാനായ് ജീവിതം ഉഴിഞ്ഞുവെച്ച കാറ്റ്!

കാറ്റ് പലതവണ കുന്ന്കേറിയിറങ്ങിക്കഴിഞ്ഞിട്ടും ശ്രീനന്ദ് വയൽവരമ്പത്തുള്ള

തന്റെ ഇരിപ്പ് തുടർന്നു കൊണ്ടേയിരുന്നു. ഏകാ-
ന്തമായ ആ ഇരിപ്പ് തുടങ്ങിയിട്ട് മണിക്കൂറുകൾ
കഴിഞ്ഞിരുന്നു. ആ ഏകാന്തതയ്ക്ക് തക്കതായ കാര-
ണമുണ്ട് താനും. തന്റെ നാലുവർഷത്തെ വിശ്വപ്ര-
ണയം ഒരു ചീട്ടുകൊട്ടാരം പോലെ തകർന്നുവീണി-
രിക്കുകയാണ്! നാലുവർഷത്തെ ആദ്യ രാവും പക-
ലുമില്ലാതെ അണപൊട്ടിയൊഴുകിയ സ്നേഹ-
ഹവും കരുതലുമെല്ലാം വറ്റിവരണ്ടിരിക്കുകയാണ്.
എന്നാൽ തന്റെ പ്രണയബന്ധം തകർന്നതി-
നേക്കാൾ അവന് ദുഃഖം തന്റെ അപർണ്ണ, തന്റെ
ജീവിതത്തിലുടനീളം ഉണ്ടാകുമെന്ന് തോന്നിയവൾ
തന്നെ വെറുമൊരു ജാതിയുടെ പേരിൽ അവ-
മാനിച്ചതിനായിരുന്നു.
"ശ്ശേ... നീ ഒരു തെയ്യം കെട്ടുന്നോനാണ്, ഞാൻ
ആണെങ്കിൽ ഒരു നായർ കുടുംബത്തിലേതും...
നമ്മുടെ ഫാമിലി സ്റ്റാറ്റസ് ഒത്തുചേരില്ലടോ...!"
അവൾ അവസാനമായി പറഞ്ഞ ആ വാക്കുകൾ
അവന്റെ മനസ്സിൽ തറച്ചുനിന്നു.
"ജാതി നട്ടത് മണ്ണിലാണെങ്കിലും അതിന്റെ വേരു-
കൾ ആഴ്ന്നിറങ്ങിയത് മനുഷ്യമനസ്സിലാണ്"
അവൻ എവിടെയോ വായിച്ചുമറന്ന ആ വാചകം

അവന്റെ മനസ്സിലൂടെ മിന്നിമറഞ്ഞു. ആ സമയം പാടത്തുള്ള ഒരു തെങ്ങിൽ നിന്ന് ~~ഒരു~~ ഉണങ്ങിയ ഓലമടൽ അവന്റെ കൺമുന്നിൽ ഊർന്നുത്തി വീണു. "ഇത്രകാലമത്രയും യൗവനത്തിന്റെ പച്ചപ്പിൽ തെങ്ങിന്റെ ഉത്തുംഗത്തിൽ ഒരു ഗജവീരനെപ്പോലെ തല ഉയർത്തി നിന്ന തെങ്ങോല, ഒടുക്കം പ്രായാധിക്യം വന്ന് അതേ തെങ്ങിൽ തലതാഴ്ത്തിനിൽക്കേണ്ടിവന്നു. അവസാനം ഒരു ശബ്ദത്തോട് കൂടി നിലത്തേക്ക് വീഴുന്നു."

ഇത്രമേൽ ക്ഷണികമല്ലേ മനുഷ്യജീവിതവും! തലയുയർത്തി നിന്നസ്ഥലത്തു തന്നെ ഒടുക്കം തലതാഴ്ത്തേണ്ടിവരും. ഇത്രമേൽ ~~[illegible]~~ ചെറിയ ഈ മനുഷ്യായുസ്സിൽ എന്തിനാണാളുകൾ ജാതിമത അതിർവരമ്പുകൾ ഉണ്ടാക്കുന്നത്. ഇത്തരത്തിൽ അപർണ്ണയെ വെറുക്കാനുള്ള പലകാരണങ്ങളും ശ്രീനന്ദിന്റെ മനസ്സിൽ മഴപ്പാറ്റകൾ പോലെ ഉയർന്നുവന്നു. എന്നാൽ അവന് അവളെ വെറുക്കാൻ കഴിഞ്ഞില്ല. അവളുടെ ചുരുണ്ട മുടിയിഴകളിൽ താൻ കുടുങ്ങിക്കിടക്കുന്നതായ് അവന് തോന്നി. ഉയർന്ന മഴപ്പാറ്റകൾ എല്ലാം ചിറകൊടിഞ്ഞ് നിലംപറ്റി!

അവന്റെ മനസ്സിനേറ്റ മുറിവുണക്കാനായി പതിവിലുമധികം കാറ്റ് പാടത്ത് ചുറ്റിക്കളിച്ചു.

അവൻ പാടവരമ്പത്തുനിന്നും യാന്ത്രികമായി എഴുന്നേറ്റ് വീട്ടിലേക്ക് നടന്നു. ശ്രീനന്ദ് വീട്ടിലെത്തുമ്പോഴേക്കും അവനെയും കാത്ത് അച്ഛനായ കണ്ണൻ പെരുവണ്ണാൻ വീടിന്റെ ഇറക്കല്ലുമേൽ ഇരിക്കുന്നുണ്ടായിരുന്നു.
കണ്ണൻ പെരുവണ്ണാൻ - ആ നാട്ടിലും മറുനാട്ടിലും പേരുകേട്ട തെയ്യം കലാകാരൻ. മുഖത്തെഴുതി ചിലമ്പുമണിഞ്ഞ് തലപ്പാളിയും വെച്ച്കെട്ടി പീഠത്തിന്മേൽ ഇരുന്ന് കണ്ണാടി നോക്കിക്കഴിഞ്ഞാൽ, ഇരിക്കുന്ന പീഠം പോലും ഭയത്താൽ തന്നെത്താൻ വിറക്കും! അത്രമേൽ തെയ്യത്തെ തൊട്ടറിഞ്ഞ ആളാണ് പെരുവണ്ണാൻ. എന്നാലിന്ന് കാലവും ഒരുപാട് സഞ്ചരിച്ചു, അദ്ദേഹം എണ്ണിയാലെണ്ണമില്ലാത്ത അമ്പലങ്ങളുടെ കാണാച്ചങ്ങലയിൽ ബന്ധിതനാണ്. അനേകം തെയ്യങ്ങൾ വിരിഞ്ഞു വാടിയ ആ മുഖത്ത് ഗൗരവതരമായ ഒരു വിഷാദം കല്ലിച്ചിരിക്കുന്നത് ശ്രീനന്ദ് കണ്ടു. അവൻ തലതാഴ്ത്തി വീട്ടിനകത്തേക്ക് നടക്കാൻ തുടങ്ങിയതും,.

"മോനെ..." പെരുവണ്ണാൻ അവനെ വിളിച്ചു.
അവൻ ~~അതിന് ഒരു~~ അതിനൊരു മറുപടിയെന്നോണം
തലയുയർത്തി പെരുവണ്ണാനെ നോക്കി.
"മോനെ... അച്ഛന് തീരെ സുഖല്ല! തെയ്യംകെട്ടാ-
നൊന്നും പണ്ടത്തെപ്പോലെ ആവുന്നില്ല..."
പെരുവണ്ണാൻ പറയുന്നത് അവൻ കേട്ടതല്ലാതെ
തിരിച്ചൊന്നും പറഞ്ഞില്ല. അയാൾ വീണ്ടും തുടർന്നു.
"ഈ വരുന്ന മേടം പത്തിന് ഒരു തെയ്യമുണ്ട്.
ഒഴിവാക്കാൻ പറ്റാത്തതാണ്... ന്റെ മോൻ -
കെട്ടുവാ ആ തെയ്യം"
ശ്വാസംമുട്ടിന്റെ സജീവ സാന്നിധ്യം മൂലം അയാൾ
ചുമച്ച്കൊണ്ട് പറഞ്ഞൊപ്പിച്ചു. പേര്കേട്ട
തെയ്യക്കാരന്റെ മകനായിട്ടും ശ്രീനാഥ് പേരിനുപോ-
ലും തന്റെ പതിനാറാം വയസ്സിലും ഒരു
തെയ്യവും കെട്ടിയിട്ടില്ല. എന്നിട്ടും ഒരു കൗതുകത്തി-
ന്റെ പുറത്ത് അവൻ പെരുവണ്ണാനോട് ചോദിച്ചു.
"ഏത് തെയ്യാണ് അച്ഛാ!?"
"കതിവനൂർ വീരൻ"
പെരുവണ്ണാന്റെ ശ്വാസംമുട്ടിനെ കവച്ചുതാഴ്ത്തി-
കൊണ്ട് അയാളുടെ ഉള്ളിൽ നിന്നൊരു ശബ്ദം
ഗർജ്ജിച്ചു. ആ ശബ്ദം എട്ടുദിക്കും പൊട്ടുമാറ-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ടഹസിച്ചു. ശ്രീനന്ദ് അടിമുടി കോരിത്തരിച്ചു. വണ്ണിക്കുറുകൾ നിരന്ന് നിൽക്കുന്ന കളരിയഭ്യാസങ്ങ-ളും വാൾപ്പയറ്റുകളും വായ്മൊഴികളും ഒക്കെ ഒത്തിണ-ങ്ങിവരേണ്ട ഒക്യുവാനത്. പെട്ടെന്ന് അവന്റെ മനസ്സിലേക്ക് കടൽത്തിരമാല കരയിലേക്ക് ഇരമ്പി വരും പോലെ കതിവന്നൂർ വീരന്റെ ചരിത്രം കടന്നു-വന്നു. "മാങ്ങാട്ട് നിന്നും കുടകിലേക്ക് കുടിയേറിയ മന്ദപ്പൻ എന്ന പുരുഷൻ ചെമ്മരത്തി എന്ന പെണ്ണിനെ സ്വയംമനസ്സ് സ്നേഹിക്കുന്നു. ഇരുവരു-ടെയും വിവാഹശേഷം ചെമ്മരത്തിയുടെ വായിൽ നിന്നും കുത്തുവാക്കുകളും ശാപവാക്കുകളും കേ-ട്ട് മനം മടുത്ത് മന്ദപ്പൻ, ~~ജീവിക്കുന്നു. അതുസമയം~~ ആ സമയത്തുണ്ടായ കുടകപ്പടയിൽ പടപൊരുതി മരിച്ച് ദൈവക്കരു-വായിമാറുന്നു. തന്റെ പൊറുക്കാനാകാത്ത തെറ്റ് മനസ്സിലായ ചെമ്മരത്തി മന്ദപ്പന്റെ ചിതയിൽ ചാടി മരിക്കുന്നു."

ശ്രീനന്ദിന് അടിയിന്ന് മുടിയോളം രോമാഞ്ചമു-ണ്ടായി. ~~അക്ഷരാർത്ഥത്തിൽ~~ ഒരുതരത്തിൽ താൻ മന്ദപ്പനായി ജീവിക്കുകയാണെന്ന് അവൻ തിരിച്ചറിഞ്ഞു!

"അപ്പാ... ഞാൻ കെട്ടാ തെയ്യം!"

അവൻ പോലുമറിയാതെ അവന്റെ ഉള്ളിൽ നിന്നൊരു ശബ്ദം പുറത്തേക്ക് വന്നു. പെരുവണ്ണാന്റെ കർണ്ണം കുളിർത്തു. അയാളുടെ കുണ്ടിലേക്ക് താഴ്ന്നുപോയ കണ്ണുകളിൽ ഒരു ഗംഗാ ജലം ഉയർന്നു പൊങ്ങി അത് അയാളുടെ ശരീരത്തെയാകെ നനച്ചു കടന്നുപോയി.

പെരുവണ്ണാനോട് അത്രയും പറഞ്ഞശേഷം അവൻ മുർത്തഞ്ചേരിക്കാവ് ലക്ഷ്യമാക്കി നടന്നു. മുർത്തഞ്ചേരിക്കാവ് - ഓടിട്ട മണിമാടത്തിനോ ചെമ്പടിച്ച ശ്രീകോവിലിനോ സ്ഥാനമില്ലാത്ത, പക്ഷുവും നരിയും ഒന്നിച്ചുവാഴുന്ന സഹവർത്തിത്വത്തിന്റെ, ഒരു മഹ്യുടെ നേർചിത്രം! ദേവസ്ഥാനമെന്ന് പറയാൻ ഒരു പടർന്നുപന്തലിച്ച ചെമ്പകവും, ഒരുവണ്ണിന്റെ ചാണത്തെത്തറയും. ആ നാട്ടിലെ ഒറ്റ ചെമ്പകമരമാണത്. ബാക്കിയെല്ലാം നശിപ്പിച്ചുകളഞ്ഞു! ശ്രീനാഥ് കാവിലേക്ക് കയറിയപ്പോടെ ആ ചെമ്പകമരത്തിൽ കയറിയിരുന്നു. ഒരമം നാടുമുഴുവനും അതിലൂടെ കാണുമായിരുന്നു. ~~ദേവസ്ഥാന അവൻ~~ എപ്പോഴും ആ മരത്തിലായിരുന്നു അവന്റെ അധികസമയവും

ചെലവഴിച്ചത്. ദേവസ്ഥാനങ്ങളെല്ലാം ആകാ-
ശം മുട്ടുന്ന മേൽപ്പന്തലുകൾ ഇടസ്ഥാപിക്കുന്ന
"ട്രെൻഡിനൊത്ത്" സഞ്ചരിക്കുന്ന മനുഷ്യസമൂഹ-
ത്തിന്റെ കാലഘട്ടത്തിൽ 'പടർന്നു പന്തലിച്ച
വൈവിധ്യവും അടവിടുന്ന ശുദ്ധവായുവും അത്യ
വികസിത മനുഷ്യന് നിഷിദ്ധമാണല്ലോ!'
"എനിക്ക് ഇതും പൂർത്തിയാക്കാൻ പറ്റണേ...ന്റെ
ദൈവേ!"
പ്രകൃതിയുടെ പൂർണ്ണരൂപമായ ആ കാവിലെ
വള്ളിപ്പടർപ്പുകളിലേക്ക് നോക്കി അവൻ-
പ്രാർത്ഥിച്ചു! പിന്നീടങ്ങോട്ടുള്ള നാളുകൾ
പ്രയത്നത്തിന്റേയും ഉദ്യാനപഠനത്തിന്റേതു
മായിരുന്നു അവന്. അപ്പോഴും അവന്റെ പ്രണ-
യ നൈരാശ്യം 'ഉമിത്തീ പിടിക്കും പോലെ അവ-
ന്റെ ഉള്ളിൽ നീറിപ്പുകഞ്ഞുകൊണ്ടിരുന്നു'.

സൂര്യൻ പിന്നെയും കിഴക്കുദിച്ച്
പടിഞ്ഞാറസ്തമിച്ചു. ഒടുവിൽ മേടം പത്ത്
പിറന്നു. ശ്രീനാഥ് അപ്പോഴേക്കും ഒരു വിരക്കാദ്ധ്വാ-
വായി, മറ്റൊരു മനുഷ്യനായി മാറിയിരുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം
തൃശൂർ
★ പ്രോഗ്രാം കമ്മിറ്റി ★



അവൻ പെരുവണ്ണാന്റെ കാല് തൊട്ട് വന്ദിച്ചു. അറിയുന്ന ദൈവങ്ങളെയെല്ലാം വിളിച്ചു. എല്ലാറ്റിനുമുപരിയായ് "ചെന്താമരക്കാളിത്തത്തിനാദിത്യൻ ബന്ധുവായ് നിലനിന്ന പ്രകാരം' അവന് ബന്ധുവായ് നിലനിൽക്കുന്ന കാവിനെയും ചെമ്പകമരത്തെയും സ്മരിച്ചു. എന്നിട്ട് പെരുവണ്ണാന്റെ കൂടെ നേരെ തെക്കുപ്പുറത്തേക്ക് നടന്നുനീങ്ങി.

നാഴികകൾ പിന്നെയും കഴിഞ്ഞു. സമയം സന്ധ്യയായെന്ന് ചെമ്പോത്തും പക്ഷിവിളിച്ചുപറഞ്ഞു. പെരുവണ്ണാന്റെ കൈയ്യും പിടിച്ച് ശ്രീനന്ദ് അണിയറയിൽ നിന്നും അരങ്ങത്തേക്ക് തോറ്റത്തിനായ് നടന്നു. തലപ്പാളിയും തലച്ചമയങ്ങളും വെച്ച് കെട്ടി, തോറ്റംപാട്ട് ആരംഭിച്ചു.

'തോറ്റംപാട്ട് - തോറ്റവന്റെ പാട്ട്, തോൽപ്പിക്കപ്പെട്ടവന്റെ പാട്ട്'. അക്കൈവരായ് നിൽക്കുന്ന കാണികളുടെ കൂട്ടത്തിൽ അപർണ്ണയും അവളുടെ 'ഉയർന്ന സ്റ്റാറ്റസ്' ഉള്ള കുടുംബവും ഉണ്ടായിരുന്നു. തോറ്റക്കാരൻ കൂട്ടിയിട്ട് കത്തിച്ച കൊലച്ചൂട്ടുകൾക്കു മുകളിലൂടെ ഉറിയഭ്യാസങ്ങൾ ചെയ്യുന്നത് കണ്ട അപർണ്ണയുടെ അനിയത്തി അവളുടെ അമ്മമ്മയോടായ് ചോദിച്ചു,

"അമ്മമ്മേ... അവരിത് പൊളിക്കൂല്ലല്ലോ!?"
"ഇല്ല മോളെ... അവര് ദൈവല്ലേ. ദൈവത്തിനെ ആര്യാ പൊളിക്കുവാ!"
അവളുടെ അമ്മമ്മയുടെ വാക്കുകൾ കേട്ട് അപർണ്ണ ഞെട്ടിത്തരിച്ചു നിന്നുപോയി! ഇതേ അമ്മമ്മ തന്നെയാണ് പറഞ്ഞത് "മോളെ... ഞാൻ ഞെ- ത്തും കെട്ടുന്നോനാണ്... 'കാട്ടുടിയാൻ' ഞാന്റെ- പ്പുറം ഒന്നും പോയിറ്റ് നമ്മുടെ കുടുംബത്തിന്റെ വെല ന്റെ മോള് കളയരുത്"!
അപർണ്ണ രൂക്ഷമായ് അമ്മമ്മയെ നോക്കി, തന്റെ തെറ്റ് തിരിച്ചറിഞ്ഞ വെന്ന ബോധ്യത്തോടെ ഒരു ചമ്മലോടെ അവളുടെ അമ്മമ്മ മുഖം തിരിച്ചു.
തോറ്റം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തി അടുത്തിരുന്നു. തോറ്റത്തിന്റെ ഈരടികൾ ശിവന്റെ, 'തോറ്റക്കാരന്റെ' കണ്ണുനനയിച്ചു. താൻ ജീവിതത്തി- ലും തെയ്യത്തിലും മനുഷ്യൻ തന്നെയാണെന്ന് അവൻ തിരിച്ചറിഞ്ഞു!
തോറ്റക്കാരന്റെ ചെറിയദ്വാരങ്ങൾകണ്ട് കണ്ണുകളിൽ ഭയവും ഭക്തിയും ഒരുപോലെ നിറഞ്ഞു. പയറ്റ് ആരംഭിച്ചു. വാളുകൊണ്ട് ശരീരത്തിൽ ആഞ്ഞടി- ച്ചുകൊണ്ട് പയറ്റ് മണിക്കൂറുകൾ നീണ്ടുനിന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

പയറ്റിന്റെ ദൈർഘ്യം കൂടുംതോറും ചോര ശിനന്ദിന്റെ ശരീരത്തിൽ നിന്നും രക്തം ചാറ്റൽ മഴ പോലെ തെറിച്ചു. പെരുവണ്ണാൻ സ്തബ്ധനായ് നിന്നു പോയി. സാക്ഷാൽ കതിവനൂർവീരൻ പ്രത്യക്ഷപ്പെട്ടുവോ എന്ന് പോലും അദ്ദേഹം സംശയിച്ചു നിന്നുപോയി. തനിക്ക് പറ്റിപ്പോയ പൊറുക്കാൻ പറ്റാത്ത തെറ്റ് അപർണ്ണ തിരിച്ചറിഞ്ഞു. അവൾ കുറ്റബോധത്താൽ നീറിപ്പുകഞ്ഞു. തോറ്റക്കാരൻ കയ്യിൽ പിടിച്ച വാൾ ദൂരത്ത് വലിച്ചെറിഞ്ഞു. പെരുവണ്ണാന്റെയടുത്തേക്ക് ഓടിയടുത്തു, ചോരക്കുഞ്ഞിനെപ്പോലെ ചോരയിൽ കുളിച്ച്! പെരുവണ്ണാന്റെ കയ്യിൽ പിടിച്ച ഉറുമി തോറ്റക്കാരൻ പിടിച്ചുവാങ്ങി. ശിനന്ദിന്റെ മനസ്സിൽ നീറിപ്പുകഞ്ഞ സങ്കടം ആളിക്കത്തി! അവന്റെ കയ്യിൽ പിടിച്ച ഉറുമി വീശിയെറിഞ്ഞു പയറ്റാൻ തുടങ്ങി. അന്തരീക്ഷത്തിൽ ഉയർന്നും പറന്നും പയറ്റി. തോറ്റക്കാരന്റെ ശരീരഭാഗങ്ങൾ ഉറുമി അരിഞ്ഞെറിഞ്ഞു. കണ്ടുനിന്നവരുടെ മുഖത്തെല്ലാം ചോര തെറിച്ചു. ഒടുക്കം തോറ്റക്കാരൻ ചെമ്മരത്തിത്തറയ്ക്ക് മുന്നിൽ പൊരുതി വീണു. പെരുവണ്ണാൻ നിന്നിടത്തു തന്നെ.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

സ്തംഭനായ് നിന്നുപോയി. അയാൾക്ക് അന-
ങ്ങാൻ സാധിച്ചില്ല! അടുനിന്ന അവർക്കണ്ണുകളുടെ
ങ്ങളുകളിൽ നിന്ന് തീവെള്ളം ഉതിർന്നുകൊണ്ടേയി
രുന്നു! എരമം നാട്ടിലെ നാട്ടുവഴികളിലൂടെയും
പാടവരമ്പത്തൂടെയും പറന്നു നടന്ന ആ പക്ഷി
പിന്നീടൊരിക്കലും കാവിലെ ആ ഒറ്റ ~~മരത്തിൽ~~
ചെമ്പകമരത്തിന്റെ തണലിനായ് ~~ആ മ [illegible]~~
അതിനെ തേടിപോയില്ല! ആരാരും കാണാത്ത
~~ആകാശത്തിന്റെ~~ അതിർവരമ്പുകളില്ലാത്ത ആകാ-
ശത്തിന്റെ അനന്തതയിലേക്ക് പറന്നുപോയി...!!!